# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.397** **04.02.2020-ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട നികുതി വിഹിതം**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് നിയമാനുസൃതമായി ലഭ്യമാകേണ്ട നികുതി വരുമാന വിഹിതത്തിൽ, എത്ര കോടി രൂപ 2019-20 സാമ്പത്തിക വർഷം ലഭിച്ചു; | (എ) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരമായി 2019-20 സാമ്പത്തിക വർഷം 30.09.2019 വരെ 3,743/- കോടി രൂപ ലഭിച്ചു. |
| (ബി) | നിയമാനുസൃതം ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര കുറവ് വന്നുവെന്നറിയിക്കാമോ; | (ബി) | ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. 2019 ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1,510.76 കോടി രൂപ ലഭിക്കുവാനുണ്ട്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് due ആകുന്നത്- |
| (സി) | പ്രസ്തുത തുക ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | 2019 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഒക്ടോബറിൽ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും, കേരളം മുൻകൈ എടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിഷയം കേരളത്തിലെ എം.പി.മാർ പാർലമെന്റിൽ ഉന്നയിക്കുകയും ഇതിന്റെ ഫലമായി 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്നത് 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു. |

സെക്ഷൻ ഓഫീസർ